(ബി) സംസ്ഥാനത്തെ ഗ്രാന്റ് ലഭ്യമായ മദ്രസകളിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ പരിശോധനയിൽ മദ്രസകളിൽ ക്ലാസ്സുകൾ പാർട്ട് ടൈം അടിസ്ഥാനത്തിലാണ് നടക്കുന്നതെന്നും ഇത് സ്കീമിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. വിശദമായ പരിശോധനയിൽ മദ്രസകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പേരും മുഖ്യധാരാ വിദ്യാഭ്യാസം നേടുന്നതിനാൽ സ്കീമിന്റെ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട് എന്നും കണ്ടെത്തിയതായി സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങളിലെ മദ്രസകൾക്ക് ഗ്രാന്റ് ലഭിക്കുന്നുണ്ട് എന്ന് www.inhrd.gov.in എന്ന വെബ്സൈറ്റിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ മദ്രസകൾക്കും അർഹതയുണ്ടെങ്കിൽ ഗ്രാന്റ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പാർട്ണർ കേരള മിഷൻ പദ്ധതി

14 (*134) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട്നർ കേരള മിഷൻ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതികളെല്ലാം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണോ നടപ്പാക്കുന്നത് ;

(സി) പദ്ധതി ഭൂമി സ്വകാര്യ പങ്കാളി കൈവശം വയ്ക്കുന്നതിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെല്ലാം പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പാക്കുവെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഭാഗമായി പൊതുജനോപകാരപ്രദമായ പദ്ധതികളായ ബസ് സ്റ്റാന്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ആധുനിക

LIBRARY ARCHIVES Kerala Legislative Assembly

കാർ പാർക്കിംഗ് സെന്ററുകൾ, കൺവെൻഷൻ സെന്ററുകൾ, മൊബിലിറ്റി ഹബ്ബുകൾ, ആധുനിക സ്ലോട്ടർ ഹൗസുകൾ തുടങ്ങിയവയാണ് പാർട്ട്നർ കേരള മിഷൻ മുഖേന നടപ്പിലാക്കുന്നത്.

(ബി) അതെ.

(സി) പി.പി.പി. പദ്ധതികൾക്കായി സ്വകാര്യ പങ്കാളിക്ക് നഗരസഭ വികസന അവകാശം നൽകുമ്പോൾ പി.പി.പി. ഡെവലപ്പർ താഴെപ്പറയുന്ന രീതിയിലുള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ ബാധ്യസ്ഥനാണ്.

1. പദ്ധതിക്കായി അനുവദിക്കുന്ന ഭൂമിയുടെ, സർക്കാർ പ്രസിദ്ധീകരിച്ച ഫെയർ വാല്യുവിന്റെ 2 ശതമാനം പദ്ധതി നിർമ്മാണ കാലയളവിൽ വാർഷിക കൺസഷൻ ഫീസായി നഗരസഭകൾക്ക് നൽകണം.

2. വാർഷിക കൺസഷൻ ഫീസ് വർഷാവസാനം നാണയപ്പെരുപ്പത്തിന്റെ 60 ശതമാനം ന്യൂടലൈസേഷൻ കൂട്ടിച്ചേർത്ത് പരിഷ്കരിച്ച നൽകണം.

3. വികസനാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയിൽ ഡെവലപ്പർക്ക് ഉപയോഗിക്കാനുതകുത്തക്ക സ്ഥാവര വസ്തുക്കൾ ഉണ്ടെങ്കിൽ നിശ്ചയിക്കപ്പെടുന്ന വില നഗരസഭകൾക്ക് നൽകണം.

4. അനുവദിച്ച നൽകുന്ന പദ്ധതിയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന പബ്ലിക് സർവ്വീസ് കംപോണന്റ് ഉണ്ടായിരിക്കണം.

5. കൂടാതെ വികസനത്തിനായി ലഭ്യമാക്കുന്ന ഭൂമിയിൽ വികസിപ്പിച്ചെടുക്കുന്ന പി.പി.പി. പദ്ധതിയുടെ വരുമാനത്തിന്റെ വിഹിതം (ടെണ്ടറിലൂടെ നിശ്ചയിക്കപ്പെട്ട) നഗരസഭകൾക്ക് നൽകണം.

(ഡി) ഇല്ല.

നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

15 (*135) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. കെ. ബാലൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് എത്രത്തോളം തൃപ്തികരമാണ് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly